**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3607** **12-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ സർവ്വകലാശാലകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ നിലവിൽ വരുമ്പോൾ ഫീസ് നിർണയത്തിൽ ഉൾപ്പെടെ സർക്കാരിന് എന്തൊക്കെ ഇടപെടലുകൾ നടത്താനാകും എന്ന് വ്യക്തമാക്കുമോ; പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ അക്കാദമിക പ്രാതിനിധ്യം ഉറപ്പാക്കുന്ന രീതിയിൽ സർക്കാരിന് എന്തൊക്കെ ഇടപെടലുകൾ നടത്താൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | സാമൂഹ്യനീതി എന്ന ആശയത്തിലധിഷ്ഠിതമായാണ് കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ തയ്യാറാക്കിയിരിക്കുന്നത്. സർക്കാരിന്റെ റെഗുലേറ്ററി ബോഡി സ്വകാര്യ സർവകലാശാലാ ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ രണ്ടു കാര്യങ്ങൾക്കും അനുയോജ്യമായ എന്തൊക്കെ വ്യവസ്ഥകളാണ് സ്വകാര്യ സർവ്വകലാശാല സംബന്ധിച്ച നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് വ്യക്തമാക്കുമോ? | (ബി) | ഓരോ കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾ സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്യുന്നതിനും ഇതിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണം ബാധകമാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുന്നതിനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ